പതിനാലാം കേരള നിയമസഭ

5-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.286 25.04.2017-ൽ മറുപടിയ്ക്ക്

# ബയോമെഡിക്കൽ മാലിന്യ സംസ്കരണം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. സി.മമ്മൂട്ടി : | | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സംസ്ഥാനത്ത് കേന്ദ്രീകൃത സംവിധാനം നിലവിലുണ്ടോ; | (എ) & (ബി) | സംസ്ഥാനത്ത് ആശുപത്രി മാലിന്യം സംസ്കരിക്കുന്നതിനായി പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ മാന്തുരുത്തിയിൽ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ (IMA) കേരള ഘടകത്തിന്റെ മേൽനോട്ടത്തിൽ 'IMAGE' എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. 'IMAGE'-ൽ സ്ഥാപിച്ചിട്ടുള്ള 5 ഇൻസിനറേറ്ററുകളുടെ മൊത്ത ശേഷി 1500 kg/hr, ഓട്ടോക്ലേവുകളുടെ മൊത്ത ശേഷി 900 litre/cycle, ഷ്രെഡ്ഡറുകളുടെ (shredder) മൊത്തശേഷി 900/kg/hr എന്നിങ്ങനെയാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ മേൽനോട്ടത്തിലാണ് ടി സംവിധാനം പ്രവർത്തിച്ചുവരുന്നത്. മലിനീകരണ നിയന്ത്രണ ബോർഡ് |
| (ബി) | ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | | |

ടി പ്ലാന്റിന്റെ പ്രവർത്തനം നിരന്തരം നിരീക്ഷിച്ച വരുന്നു. നിലവിൽ 24 മണിക്കൂറും ടി സംവിധാനം നിരീക്ഷിക്കുന്നതിനായി പാലക്കാട് ജില്ലയിൽ ഒരു സർവൈലൻസ് വാൻ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(സി) സ്വകാര്യമേഖലയിലുൾപ്പെടെ പ്രതിദിനം ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യം സംസ്കരിക്കാൻ പര്യാപ്തമായ വിധത്തിലുള്ള സംസ്കരണ സംവിധാനങ്ങൾ നിലവിലുണ്ടോ;ഇല്ലെങ്കിൽ ഇത്തരം സംവിധാനം ഏർപ്പെടുത്താൻ തയ്യാറാവുമോ?

(സി) സംസ്ഥാനത്തെ മുഴുവൻ ആശുപത്രികളിൽ നിന്നും ഉണ്ടാകുന്ന ബയോ മെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് 'IMAGE' എന്ന സ്ഥാപനം കൊണ്ട് മാത്രം കഴിയുന്നതല്ല. സംസ്ഥാനത്ത് കൂടുതൽ ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് വേണ്ടി കേന്ദ്ര വിഹിതമായി പരമാവധി ഒരു കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി പരമാവധി ഒരു കോടി രൂപയും ലഭ്യമാക്കി ബാക്കി തുക സ്വയം കണ്ടെത്തി ഇത്തരം പൊതു സംവിധാനം സ്ഥാപിക്കുന്നതിനായി തത്പര കക്ഷികളിൽ നിന്നും മലിനീകരണ നിയന്ത്രണ ബോർഡ് Expression of Interest (EOI) വിളിച്ച് തുടർ നടപടികളിൽ സ്വീകരിച്ച വരുന്നു. Kerala Enviro Infrastructure Limited (KEIL)

എറണാകുളത്തെ പൊതു ഹസാർഡസ് വേസ്റ്റ് നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തിയിരിക്കുന്ന സ്ഥലത്തും, മലബാർ എൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡ് , കോഴിക്കോട് കിനലൂർ എസ്റ്റേറ്റിലും പൊതു ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണ സംവിധാനം ഏർപ്പെടുത്താൻ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സ്ഥാപനാനുമതി നേടിയിട്ടുണ്ട്. മലബാർ എൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡ് ഇതിനായി പാരിസ്ഥിതിക അനുമതിയും നേടിയിട്ടുണ്ട്. KEIL-ന് പാരിസ്ഥിതികാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**